ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:24.07.2026**

## പ്രധാനവാർത്തകൾ

1. പരീക്ഷ തട്ടിപ്പുകളിലും, ചോദ്യപേപ്പർ ചോർച്ചയിലും കർശന ശിക്ഷ ഉറപ്പുവരുത്താൻ അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിനുള്ള കരട് ബില്ലിന് അംഗീകാരം നൽകി കേന്ദ്രമന്ത്രിസഭ. ബിൽ അടുത്തയാഴ്ച പാർലമെൻറിൽ അവതരിപ്പിക്കും.
2. നീറ്റ് പരീക്ഷ പേപ്പർ ചോർച്ചയും, വിദ്യാർത്ഥി സമരവും ചൂണ്ടിക്കാട്ടി പാർലമെന്റിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം. ഇരുസഭകളും ഇ ന്നത്തേക്ക് പിരിഞ്ഞു.
3. ബഹിരാകാശ, വ്യോമയാന, പ്രതിരോധ വ്യവസായങ്ങളുടെ പ്രധാന ലക്ഷ്യസ്ഥാനമായി കേരളത്തെ വികസിപ്പിക്കുമെന്ന് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി
4. സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ജയിൽ സുരക്ഷ ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ഡ്രോൺ നിരീക്ഷണ സംവിധാനത്തിൻറെ ട്രയൽ റൺ വിയ്യൂർ സെൻട്ര ജയിലിൽ നടന്നു
5. സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരും. 5 വടക്കൻ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
6. കോമൺ വെൽത്ത് ഗെയിംസ് നീന്തൽ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വച്ച് ഇന്ത്യ.

RNUTVPM

## കിരൺ റിജിജു (ഇൻട്രോ)

പരീക്ഷ തട്ടിപ്പുകളിലും, ചോദ്യപേപ്പർ ചോർച്ചയിലും കർശന ശിക്ഷ ഉറപ്പുവരുത്താൻ അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിനുള്ള കരട് ബില്ലിന് അംഗീകാരം നൽകി കേന്ദ്രമന്ത്രിസഭ. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ചേർന്ന മന്ത്രിസഭ യോഗമാണ് ബില്ലിന് അംഗീകാരം നൽകിയത്. പാർലമെൻറ് സമ്മേളനത്തിൽ അടുത്ത ആഴ്ച ബിൽ അവതരിപ്പിക്കും. പരീക്ഷാ ക്രമക്കേടുകൾ തടയുന്നതിന് കർശന നിയമ നിർമാണം കാലതാമസം കൂടാതെ ഉറപ്പുവരുത്താൻ പ്രധാനമന്ത്രി നരേന്ദ്രമോദി നിർദ്ദേശം നൽകിയതായി കേന്ദ്ര മന്ത്രി കിരൺ റിജിജു പറഞ്ഞു. ബിൽ പാസ്സാക്കുന്നതിന് ഒരു വിധ തടസ്സവും ഉണ്ടാവില്ലെന്നും അദ്ദേഹം വ്യക്തമാക്കി. വിദ്യാർത്ഥികളുടെ ഭാവി സുരക്ഷിതമാക്കാൻ കേന്ദ്ര സർക്കാർ നിർണായക നടപടികളാണ് സ്വീകരിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

(ഹോൾഡ്)

☸☸☸☸☸☸☸☸☸☸☸☸☸

## ജെ പി നഡ്ഡ

സിജെപി പ്രതിനിധികളുമായി ന്യൂഡൽഹിയിൽ ചർച്ച നടത്തി കേന്ദ്രമന്ത്രിമാരായ ജെ പി നഡ്ഡയും ജിതേന്ദ്ര സിങ്ങും. പരീക്ഷാ രീതികളുടെ പരിഷ്കരണം സംബന്ധിച്ച സിജെപിയുടെ ആവശ്യങ്ങൾ പൂർണമായും കേട്ടതായി ചർച്ചയ്ക്ക് ശേഷം ശ്രീ ജെ പി നഡ്ഡ പറഞ്ഞു. മൂന്ന് നിർദ്ദേശങ്ങളാണ് സിജെപി മുന്നോട്ട് വച്ചതെന്നും, നാളെ വീണ്ടും ചർച്ച നടത്തുമെന്നും അദ്ദേഹം വ്യക്തമാക്കി.

സിജെപി മുന്നോട്ട് വച്ച രണ്ട് ആവശ്യങ്ങൾ സർക്കാർ തത്വത്തിൽ അംഗീകരിച്ചതായി സിജെപി വക്താവ് അശുതോഷ് റങ്ക മാധ്യമങ്ങളോട് പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## പാർലമെൻറ്

നീറ്റ് പരീക്ഷ പേപ്പർ ചോർച്ചയും, വിദ്യാർത്ഥി സമരവും ചൂണ്ടിക്കാട്ടി പാർലമെന്റിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം. ലോക്സഭയും രാജ്യസഭയും ഇന്നത്തേക്ക് പിരിഞ്ഞു. കേന്ദ്ര വിദ്യാഭ്യാസ മന്ത്രി

RNU TVPM

ധർമേന്ദ്ര പ്രധാന്റെ രാജി ആവശ്യപ്പെട്ട്, രാവിലെ സമ്മേളന നടപടികൾ ആരംഭിച്ചപ്പോൾ മുതൽ തന്നെ ഇരുസഭകളിലും പ്രതിപക്ഷം ബഹളം തുടങ്ങി. തുടർന്ന് ഒന്നിലേറെ തവണ നിർത്തിവച്ച നടപടികൾ പുനരാരംഭിച്ചെങ്കിലും പ്രതിപക്ഷം പ്രതിഷേധം തുടർന്നതിനാൽ ഇന്നത്തേക്ക് പിരിയുകയായിരുന്നു. തിങ്കളാഴ്ചയാണ് സഭ വീണ്ടും ചേരുക. കാർഗിൽ യുദ്ധത്തിൽ മാതൃരാജ്യത്തിനായി പരമോന്നത ത്യാഗം ചെയ്ത ധീര സൈനികർക്ക് പാർലമെൻറ് ഇന്ന് ആദരം അർപ്പിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

പി കെ കുഞ്ഞാലിക്കുട്ടി

ബഹിരാകാശ, വ്യോമയാന, പ്രതിരോധ വ്യവസായങ്ങളുടെ പ്രധാന ലക്ഷ്യസ്ഥാനമായി കേരളത്തെ വികസിപ്പിക്കുമെന്ന് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി . കേരളത്തിന്റെ ബഹിരാകാശ വ്യാവസായിക അന്തരീക്ഷം ശക്തിപ്പെടുത്തുന്നതിനായി തിരുവനന്തപുരത്ത് നടന്ന കൺസൾട്ടേഷൻ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ബഹിരാകാശ-പ്രതിരോധ മേഖലകളിൽ കേരളത്തിനുള്ള വലിയ സാധ്യതകൾ പ്രയോജനപ്പെടുത്താൻ സർക്കാർ പൂർണസജ്ജമാണെന്നും മന്ത്രി പറഞ്ഞു.

RNUTVPM

☸☸☸☸☸☸☸☸☸☸☸☸☸

ട്രയൽ റൺ

ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ജയിൽ സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി വിയ്യൂർ സെൻട്രൽ ജയിലിൽ ഡ്രോൺ നിരീക്ഷണ സംവിധാനത്തിൻറെ ട്രയൽ റൺ സംഘടിപ്പിച്ചു. ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല ട്രയൽ റൺ നേരിട്ടെത്തി വിലയിരുത്തി. ജയിൽ വകുപ്പ് മേധാവി എസ് ശ്രീജിത്ത് ഉൾപ്പെടെ മുതിർന്ന ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുത്തു.

☸☸☸☸☸☸☸☸☸☸☸☸☸

സിക്കിം

സിക്കിമിൽ തുരങ്കം തകർന്നുണ്ടായ ദുരന്തത്തിൽ മരിച്ച ജിയോളജിസ്റ്റ് കോട്ടയം പാമ്പാടി സ്വദേശി അനീഷ്

മോഹൻറെ മൃതദേഹം നാളെ രാവിലെ ഏഴ് മണിയോടെ കൊച്ചിയിലെത്തിക്കുമെന്ന് മുഖ്യമന്ത്രിയുടെ ഓഫിസ് . കൊൽക്കത്തയിൽ നിന്നും എയർ ഇന്ത്യ വിമാനത്തിലാണ് മൃതദേഹം കൊച്ചിയിൽ എത്തിക്കുന്നത്.

☸☸☸☸☸☸☸☸☸☸☸☸☸

## ഓൺലൈൻ ടാക്സി

സംസ്ഥാനത്ത് നാലു ദിവസമായി നടന്ന ഓൺലൈൻ ടാക്സി സമരം ഭാഗികമായി അവസാനിപ്പിക്കുകയും സർവിസ് പുനരാരംഭിക്കുകയും ചെയ്തു. തൊഴിലാളികൾ ആവശ്യപ്പെട്ട നിരക്ക് വർദ്ധന അംഗീകരിക്കാൻ തയ്യാറായ കേരള സവാരി, റാപ്പിഡോ എന്നീ ആപ്പുകളുപയോഗിച്ചാണ് ഓൺലൈൻ ടാക്സികൾ ഓടിത്തുടങ്ങിയത്. എന്നാൽ ഊബർ കമ്പനിയുമായുള്ള നിസഹകരണം തുടരാനാണ് തീരുമാനം.

☸☸☸☸☸☸☸☸☸☸☸☸☸

## കെഎസ്ഇബി

സംസ്ഥാനത്ത് ഇന്ന് രാത്രി വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുമെന്ന് കെഎസ്ഇബി. ഉപയോഗം കൂടുതലുള്ള സമയങ്ങളിലായിരിക്കും നിയന്ത്രണം. ഇന്നലെ സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നില്ലെന്നും കെഎസ്ഇബി അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## ആർ.സി.സി

തിരുവനന്തപുരം റീജണൽ കാൻസർ സെൻ്ററിൽ ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്ത പുതിയ ബഹുനില മന്ദിരം അടിയന്തരമായി തുറന്നു നൽകണമെന്ന് നിർദ്ദേശം നൽകി മന്ത്രി കെ.മുരളീധരൻ. എല്ലാ ജോലികളും സെപ്റ്റംബർ 30നകം പൂർത്തിയാക്കി കെട്ടിടം ആർ.സി.സിക്ക് കൈമാറണമെന്നാണ് സ്ഥലത്ത് നേരിട്ടെത്തി പരിശോധിച്ച ശേഷം മന്ത്രി കരാറുകാർക്ക് നിർദേശം നൽകിയത്.

RNITVPM

☸☸☸☸☸☸☸☸☸☸☸☸☸

## പീച്ചി-വിള്ളലുകൾ

തൃശൂർ പീച്ചിയിലെ വിവിധ പ്രദേശങ്ങളിൽ ഭൂമിക്കടിയിൽ നിന്നും അസാധാരണ ശബ്ദവും മുഴക്കവും ഉണ്ടായതിനെ തുടർന്ന് വിള്ളലുകൾ ഉണ്ടായ വീടുകൾ ജില്ലാ കളക്ടർ ശിഖാ സുരേന്ദ്രൻ സന്ദർശിച്ചു. വിള്ളൽ സംഭവിച്ച വീടുകൾക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ട് സർക്കാരിന് കത്ത് നൽകിയിട്ടുള്ളതായി ജില്ല കളക്ടർ അറിയിച്ചു. തുടർച്ചയായി ചലനം ഉണ്ടാകുന്നതിന്റെ പശ്ചാത്തലത്തിൽ ഇതിനെക്കുറിച്ച് വിശദമായി പഠിക്കുവാൻ ആവശ്യപ്പെട്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് കളക്ടർ അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## ട്രോളിങ്ങ് നിരോധനം (ഇൻട്രോ)

ട്രോളിങ്ങ് നിരോധനം അവസാനിക്കാൻ ദിവസങ്ങൾ മാത്രം അവശേഷിക്കെ യന്ത്രവത്കൃതയാനങ്ങളുടെ ഫിസിക്കൽ വേരിഫിക്കേഷൻ നടപടികൾ കൊല്ലത്ത് പൂർത്തിയായി. 52 ദിവസത്തെ നിരോധനം ഈ മാസം 31 നാണ് അവസാനിക്കുക. വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.......

(വോയിസ് )

☸☸☸☸☸☸☸☸☸☸☸☸☸

## കേരളാ ബാങ്ക്

സംസ്ഥാനത്തെ ബാങ്കുകളുടെ ബിസിനസിൻറെ അടിസ്ഥാനത്തിൽ അഞ്ചാം സ്ഥാനത്തെത്തി കേരളാ ബാങ്ക്. വിദ്യാർത്ഥികൾക്ക് ലാപ്ടോപുകൾക്കായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്ന പദ്ധതിക്കു ബാങ്ക് തുടക്കം കുറിച്ചതായി ബാങ്ക് പ്രസിഡൻറ് പി മോഹനൻ തിരുവനന്തപുരത്ത് പറഞ്ഞു. നോർക്കയുമായി സഹകരിച്ച് കോഴിക്കോട് പ്രവാസി സംഗമവും സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ച് ഐടി മീറ്റും കോട്ടയത്ത് കർഷക സംഗമവും നടത്തുമെന്നും അദ്ദേഹം അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

RNU TVPM

## കെ.ടി.ഡി.സി

കെ.ടി.ഡി.സിയുടെ പേരും ലോഗോയും ദുരുപയോഗം ചെയ്ത് തട്ടിപ്പുകൾ നടത്തുന്നവർക്കെതിരെ ജാഗ്രത പാലിക്കണമെന്ന് കേരള പോലീസ്. ഔദ്യോഗിക വെബ്സൈറ്റുമായി സാമ്യമുള്ള വെബ്സൈറ്റുകൾ ഉപയോഗിച്ചാണ് തട്ടിപ്പുകൾ നടക്കുന്നത്.

## മഴ

സംസ്ഥാനത്തിൻറെ വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം , കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

## കോമൺവെൽ ത്ത്

സ്കോട്ട്ലൻഡിലെ ഗ്ലാസ്ഗോയിൽ നടക്കുന്ന കോമൺവെൽത്ത് ഗെയിംസിൽ പുരുഷന്മാരുടെ 50 മീറ്റർ ബാക്ക് സ്ട്രോക്ക് നീന്തലിൽ ഇന്ത്യയുടെ ശ്രീഹരി നടരാജ് സെമിയിൽ പ്രവേശിച്ചു. ഹീറ്റ്സിൽ 25.52 സെക്കൻഡ് സമയം കുറിച്ചാണ് നടരാജ് യോഗ്യത നേടിയത്. സെമിഫൈനൽ ഇന്ന് രാത്രി നടക്കും. പുരുഷന്മാരുടെ 100മീറ്റർ ഫ്രീസ്റ്റൈൽ പാരാ സ്വിമ്മിങ്ങിൽ രവി വീര വെങ്കട് ബുഡിഗിനയും, അലി ഇമാമും ഫൈനൽ യോഗ്യത നേടി.

## സുബ്രതോ കപ്പ് ഫുട്ബോൾ (ഇൻട്രോ )

65-ാമത് സംസ്ഥാനതല സുബ്രതോ കപ്പ് ഫുട്ബോൾ ടൂർണമെന്റിന്റെ ഔദ്യോഗിക ഉദ്ഘാടനം തൃശ്ശൂർ മുനിസിപ്പൽ സ്റ്റേഡിയത്തിൽ വിദ്യാഭ്യാസ മന്ത്രി എൻ. ഷംസുദ്ദീൻ നിർവ്വഹിച്ചു.തൃശൂർ മേയർ നിജി ജസ്റ്റിൻ, പ്രശസ്ത ഫുട്ബോൾ താരം ഐ.എം. വിജയൻ എന്നിവർ

RNUTVPM

ചടങ്ങിൽ മുഖ്യാതിഥികളായി. ജൂലൈ 28 വരെ രാവിലെ ഏഴുമുതൽ വൈകിട്ട് അഞ്ചുവരെയാണ് മത്സരങ്ങൾ നടക്കുക.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്...........

(വോയിസ് )

RNU TVPM